## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 61

28.02.2018-ലെ മറുപടിക്ക്

### കെട്ടിട നിർമ്മാണ മേഖലയിലെ സുരക്ഷ

ചോദ്യം

**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ. പി.ടി. തോമസ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. വി.ഡി. സതീശൻ**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ മേഖലയിൽ അപകടങ്ങളും അപകട മരണങ്ങളും വർദ്ധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) നിയമത്തിലും അതിന്റെ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള സുരക്ഷാ നിബന്ധനകൾ കെട്ടിട നിർമ്മാതാക്കൾ പാലിക്കാത്തതു കൊണ്ടാണ് അപകടങ്ങൾ ഉണ്ടാകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത നിബന്ധനകൾ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കും. |
| (ഡി) | വൻകിട കെട്ടിട നിർമ്മാണ മേഖലകളിൽ സുരക്ഷാ ആഡിറ്റ് നിർബന്ധമാക്കുമോ; | (ഡി) | വൻകിട കെട്ടിട നിർമ്മാണമേഖലകളിൽ സുരക്ഷാ ആഡിറ്റ് നിർബന്ധമാക്കും. തൊഴിൽവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹെൽത്ത് & സേഫ്റ്റി മാന്വലിൽ സുരക്ഷാ മാനദണ്ഡങ്ങൾ പ്രതിപാദിച്ചിട്ടു ണ്ട്. ഈ വ്യവസ്ഥകളിൽ സുപ്രധാനങ്ങളായിട്ടുള്ളവ എ ല്ലാം തന്നെ 1996 ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് |

| | | | |
|---|---|---|---|
| • | | | സർവ്വീസ്) നിയമത്തിലും 1998 ലെ ചട്ടങ്ങളിലും പ്രതിപാദിക്കുകയും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇൻസ്പെക്ടർമാർ കെട്ടിട നിർമ്മാണ സൈറ്റുകളിൽ പരിശോധന നടത്തി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നുണ്ട്. |
| (ഇ) | ഇത്തരത്തിൽ അപകടങ്ങൾ സംഭവിക്കുന്നത് കൂടുതലും ഇതര സംസ്ഥാന തൊഴിലാളികൾക്കാകയാൽ അവരുടെ കാര്യത്തിൽ എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) | ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷയും വിവരശേഖരണവും ലക്ഷ്യമിട്ട് തൊഴിൽവകുപ്പ് ആവാസ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് 15,000/ രൂപയുടെ ആരോഗ്യ ഇൻഷുറൻസും 2 ലക്ഷം രൂപ അപകട മരണ ഇൻഷുറൻസും നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മാണ മേഖലകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് ഈ മേഖലയിൽ സ്ഥാപന പരിശോധന ഊർജ്ജിതപ്പെടുത്തുന്നതാണ്.<br>2010 ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ജോലി സ്ഥലത്തുണ്ടാകുന്ന അപകടത്തിൽപെട്ട് മരണം സംഭവിക്കുകയാണെങ്കിൽ അംഗ തൊഴിലാളികളുടെ ആശ്രിതർക്ക് 50,000/- രൂപ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും ധനസഹായമായി അനുവദിക്കുന്നു. ധനസഹായ തുക വർദ്ധിപ്പിക്കുന്ന കാര്യവും പദ്ധതിയുടെ ആനുകൂല്യം എല്ലാ അതിഥി തൊഴിലാളികൾക്കും ലഭ്യമാക്കുന്നത് സംബന്ധിച്ചും സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചു വരുന്നു. കൂടാതെ ജോലിക്കിടെ അപകടം മൂലം പരിക്കേറ്റ് ആറുമാസത്തിൽ കുറയാത്തകാലം ജോലി ചെയ്യാൻ കഴിയാതെ വരുന്ന അംഗങ്ങൾക്ക് 25,000/- രൂപ വരെ പ്രത്യേക ആശ്വാസ ധനസഹായത്തിനും അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ